**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2862** **12-07-2022 - ൽ മറുപടിയ്ക്ക്**

**ചെറുതാഴത്തെ വി.സി.ബി. കം ട്രാക്ടർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വിജിൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനു കുറുകെ കണ്ടത്ത് എന്ന സ്ഥലത്ത് വി.സി.ബി. കം ട്രാക്ടർവേ നിർമ്മിക്കുന്നതിന് സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ പെരിയാട്ടുതുറ തോടിനു കുറുകെ വി.സി.ബി കം ട്രാക്ടർവേ നിർമ്മിക്കുന്നതിനു സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.<br><br>ഈ പദ്ധതിക്ക് MI Class II ഹരിതകേരളം സ്കീമിലുൾപ്പെടുത്തി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 10.05.2021 ന 35 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും സാങ്കേതികാനുമതി നൽകി യിട്ടില്ലായിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഇപ്പോൾ പ്രാബല്യത്തിലുള്ള ഡിഎസ്ആർ 2018-ന്റെ നിരക്കിലേക്ക് പുതുക്കുമ്പോൾ എസ്റ്റിമേറ്റ് തുക 41.10 ലക്ഷം രൂപയായി വർദ്ധിക്കുന്നതാണ്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള സോഫ്റ്റ് വെയർ പ്രൈസ്-1 ന്റെ അപ്ഡേഷൻ പ്രൈസ്-3 നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ആയതിനാൽ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് price-3 ൽ തയ്യാറാക്കി പ്രവൃത്തിയുടെ ആവശ്യകത സ്വഭാവം, ഫണ്ടിന്റെ ലഭ്യത, പൊതു ഉപയോഗം എന്നിവ പരിഗണിച്ച് അംഗീകാരം നൽകു ന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ